# സകലത്തേയും അതിജീവിക്കുന്ന ദൈവകൃപ

## തോമസ് ഫിലിപ്പ് റാന്നി

2016 വേഗത്തിൽ നമ്മെ വിട്ടുപിരിയുവാൻ പോകുന്നു. 2017എന്ന പുതുവർഷം നമ്മുടെ പടിവാതിൽക്കൽ വന്നെത്തുകയും ചെയ്തിരിക്കുന്നു.

സ്വന്തം സുഖം മാത്രം ചിന്തിച്ച ലക്ഷ്യബോധമില്ലാതെ കാലത്തിനൊപ്പം അങ്ങൊഴുകിപ്പോകുന്നതല്ലാതെ, മറ്റെന്തു സ്ഥായിയായ നേട്ടങ്ങളാകുന്നു, ഇതുവരെയുള്ള ജീവിതത്തിൽ നാം കൈവരിച്ചിട്ടുള്ളത്?

എന്താണ് ജീവിതം? എന്തു നിശ്ചയവും ഗാരന്റിയുമൊക്കെയാണ് മനുഷ്യജീവിതത്തിനു ഭൂമിയിലുള്ളത്? ഇതൊക്കെ വല്ലപ്പോഴുമെങ്കിലും നാം ചിന്തിക്കേണ്ടതല്ലേ?

ആരോഗ്യം അനുഭവിച്ച ജീവിക്കുമ്പോൾ മനുഷ്യൻ അതിന്റെ വില അറിയുന്നില്ല. അതു നഷ്ടപ്പെട്ടു തുടങ്ങുമ്പോഴേ മനുഷ്യൻ അതേപ്പറ്റി ചിന്തിക്കുകയുമുള്ളൂ. അതുപോലെയാകുന്നു, ജീവിതവും. മരണഭയം ബാധിക്കുമ്പോഴേ സംഭവിക്കുവാൻ പോകുന്ന നഷ്ടബോധത്തെപ്പറ്റിയും അവൻ ചിന്തിക്കയുള്ളൂ. മരണമോ നിനയാ നേരത്തു കടന്നു വന്നു മനുഷ്യനെ തട്ടിക്കൊണ്ടു പോകയും ചെയ്യുന്നു. എത്രയോ അധികം മനുഷ്യജീവിതങ്ങളാകുന്നു, യൗവനത്തിൽ എത്തുന്നതിനു മുൻപായിത്തന്നെ ഇന്ന് അകാലത്തിൽ പൊലിഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നത്! ഈദൃശമായ എത്രയോ മരണവാർത്തകളാകുന്നു ദിനംപ്രതി നമ്മെ ഞെട്ടിപ്പിച്ചുകൊണ്ടിരിക്കുന്നത്!

മനുഷ്യരാശി മുഴുവൻ രോഗഗ്രസ്തരാണിന്ന്. എണ്ണിയാൽ തീരാത്ത വിധത്തിലുള്ള രോഗങ്ങൾ മനുഷ്യനെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. സൗഖ്യം കിട്ടാത്ത എത്രയോ രോഗങ്ങൾ! കാൻസർ പോലുള്ള മാരകരോഗങ്ങൾ ബാധിച്ച ഹതഭാഗ്യരായ എത്രയോ മനുഷ്യാത്മാക്കൾ അനുദിനം വേദനയനുഭവിച്ച്, ആശയറ്റവരായി ഭയന്ന് നമ്മുടെ ചുറ്റുപാടുകളിൽ ജീവിതം തള്ളിനീക്കുന്നുണ്ട്. ഒരിറ്റു സ്നേഹസാന്ത്വനം അവരിലൊരുവനെങ്കിലും നൽകുവാൻ അറിവിന്റേയും മനുഷ്യത്വത്തിന്റേയും സുഭാഷിതങ്ങൾ പറയുകയും എഴുതുകയും ചെയ്യുന്നവർക്കു കഴിയേണ്ടതല്ലേ? പരിശുദ്ധനായ യെശയ്യാപ്രവാചകന്റെ ഭാഷയിൽ പറഞ്ഞാൽ, എല്ലാ യോഗ്യന്മാരുടേയും 'തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടി തൊട്ടു മുടി വരെ ഒരു സുഖവുമില്ല. നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ; തിന്മ ചെയ്യുന്നതു മതിയാക്കുവിൻ'. സ്വന്തം തെറ്റുകളേയും അശുദ്ധികളേയുമൊക്കെ കഴുകി വെടിപ്പാക്കിയിട്ടേ മലയാളികൾ മറ്റുള്ളവരെ കുറ്റം വിധിക്കാവൂ.

ലോകം മുഴുവൻ അധർമ്മവും അക്രമങ്ങളും ലൈംഗികവഷളത്തങ്ങളും കൊണ്ടു നിറഞ്ഞുകഴിഞ്ഞു. കേരളത്തിലേയ്ക്കൊന്നു തിരിഞ്ഞുനോക്കിയാൽ ഘോരനാം പിശാച് കൊലവിളി നടത്തിക്കൊണ്ടു രക്തതാണ്ഡവമാടുന്ന ദാരുണക്കാഴ്ചയാണ് നാട്ടിലുടനീളം നാമിന്നു കാണുന്നതും കേൾക്കുന്നതും. അരും കൊലകളും സ്ത്രീപീഡനങ്ങളും ബലാൽക്കാരങ്ങളും ഇല്ലാത്ത ദിവസങ്ങൾ കേരളത്തിൽ ചുരുക്കമാണ്. ഭാര്യമാരേയും യുവതികളേയും കഴുത്തുവെട്ടിയോ, കഴുത്തു ഞെരിച്ചോ, തീ കൊളുത്തിയോ കൊല്ലുവാൻ

അഭ്യസ്തവിദ്യനായ മലയാളിക്കിന്നു തെല്ലും മടിയില്ല. എത്ര മാന്യനോ സർവാംഗസുന്ദരനോ ആയാലും ശരി, സ്വന്തം ഭാര്യയേയും അമ്മയേയും പെങ്ങളേയും ആദരിക്കാനറിയാത്ത മലയാളി മൃഗത്തെപ്പോലെ വിവേകഹീനനാകുന്നു. സ്ത്രീകൾ കുടുംബത്തിനും മറ്റുള്ളവർക്കും വേണ്ടി ഇന്നും എന്നും അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന അതുല്യസുന്ദരമായ സേവനങ്ങളേയും, അതിനായി സന്തോഷത്തോടുകൂടി അവളനുഭവിക്കുന്ന കഷ്ടപ്പാടുകളേയും കാണാത്ത, അറിയാത്ത, അഭിനന്ദിക്കാത്ത പുരുഷന്മാർ നന്ദി കെട്ടവരുമാകുന്നു. അധികം മലയാളികളും ഇക്കൂട്ടത്തിൽ പെടുന്നവരാകുന്നു. സ്ത്രീയെ തല്ലുന്നവനും അവളെ കൊല്ലുന്നവനും കാട്ടാളനേക്കാൾ നീചനുമാകുന്നു. 'പരാക്രമം സ്ത്രീകളിലല്ല വേണ്ടൂ'. ഭാര്യയെ തല്ലുന്ന മലയാള സുവിശേഷവേലക്കാരെ എനിക്കറിയാം.

സാംസ്കാരികനായകന്മാർക്കോ സാഹിത്യകാരന്മാർക്കോ താരരാജാക്കന്മാർക്കോ ആത്മീയനേതാക്കന്മാർക്കോ ആൾദൈവങ്ങൾക്കോ മന്ത്രിമാർക്കോ രാഷ്ട്രീയനേതാക്കന്മാർക്കോ പകർച്ചവ്യാധി പോലെ കേരളത്തിൽ ഇന്നു പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഈ അധർമ്മങ്ങൾക്കും അരും കൊലകൾക്കും എതിരായി ആർക്കും തന്നെ ശക്തമായ പ്രതികരണങ്ങളില്ല! തെരുവുജാഥകളില്ല! ആർക്കും ആത്മരോഷവുമില്ല! നീതിന്യായകോടതികളിൽ നിന്നു പോലും നീതിയുടെ ശബ്ദം കേൾപ്പാനുമില്ല! പീഡിപ്പിക്കപ്പെടുന്നതും മരിക്കുന്നതും 'പ്രിയപ്പെട്ട ഞാൻ' എന്ന മലയാളിയല്ലല്ലോ! 'എനിക്ക് കുഴപ്പം വരരുത്' എന്നുള്ള ആകുലത മാത്രമേയുള്ളൂ എന്നും മലയാളിക്ക്! കേരളമിന്നു മലയാളികളുടേതല്ലാതായും തീർന്നുകൊണ്ടിരിക്കുന്നു! മനസ്സാക്ഷിയും ഹൃദയത്തിൽ നന്മയുമുള്ള നല്ല മലയാളികൾ പതിറ്റാണ്ടുകൾക്കു മുൻപേ കേരളം വിട്ടുപോകുകയും ചെയ്തിരിക്കുന്നു. മലയാളികളെ വല്ലാതായി സ്വാധീനം ചെയ്തുകൊണ്ടിരിക്കുന്ന മലയാളം സിനിമയും പ്രധാനമായി ഇന്നു കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സെക്സും ബലാൽക്കാരങ്ങളും മദ്യപാനവും അടിപിടിയും അശ്ലീലഡയലോഗുകളുമാകുന്നു. ഒരു മലയാളസിനിമയിലെ പ്രശസ്തനായൊരു താരത്തിന്റെ നായികയോടുള്ള ഡയലോഗ് 'നിന്റെ മാസമുറ ഞാൻ നിർത്തും' എന്നായിരുന്നെന്ന് ഏതോ ഒരു മലയാളമാധ്യമത്തിൽ ഞാൻ വായിക്കയുണ്ടായി. എത്ര കേമൻ ഡയലോഗ്! അഭ്യസ്തവിദ്യനെന്നഭിമാനിക്കുന്ന മലയാളിയുടെ ധാർമ്മികസാംസ്കാരികനിലവാരം ഇത്രമേൽ അധപ്പതിച്ചുപോയൊരു കാലം ഇതിനു മുൻപൊന്നും ഉണ്ടായിട്ടില്ല. അളിയാ, എനിക്കൊന്നു സുഖിക്കണം, നമുക്കൊന്നു ചെത്തിനടക്കണം, എല്ലാം അടിച്ചുപൊളിക്കണം: ഇതാണ് ഇന്നത്തെ യുവതലമുറയുടെ ജീവിതപ്രമാണം. പിന്നെങ്ങനെ നമ്മുടെ നാടിനു ഗുണം പിടിക്കും? പിന്നെങ്ങനെ പെൺകുട്ടികൾ പുറത്തിറങ്ങി നടക്കും? സുരക്ഷിതരായി വീട്ടിനുള്ളിലവർ കഴിയും? പിന്നെങ്ങനെ മാതാപിതാക്കൾ സമാധാനത്തിൽ അന്തിയുറങ്ങും? അധാർമ്മികമായി കേരളം തഴച്ചുവളരുകയാണിന്ന്. നിയന്ത്രിക്കാനാരുമില്ല! പണത്തിനും സ്വന്തം സുഖത്തിനും വേണ്ടി മലയാളി എന്തു നീചപ്രവൃത്തിയും ഇന്നു ചെയ്യും. മലയാളിമങ്കയും ഇന്ന് ഏതു വേഷവും കെട്ടാനും എന്തും ചെയ്യാനും തയ്യാർ. പോരേ പൂരം അരങ്ങു തകർക്കാൻ!

സ്വന്തം ബുദ്ധിശക്തിയിലും ധനത്തിലും ആശ്രയിച്ചു ജീവിക്കുന്ന ആധുനികമനുഷ്യൻ അപകടത്തിന്റെ വഴുവഴുപ്പിലൂടെയും നാശത്തിന്റെ വക്കിലൂടെയുമാണു പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നത്. ഏതിൽ തട്ടിത്തകരുമെന്ന് അവൻ അറിയുന്നുമില്ല. മനുഷ്യവർഗം നാശത്തിന്റെ വക്കിൽ എത്തിനിൽക്കയാണിന്നെന്ന് ഓരോരോ ലോകസംഭവങ്ങൾ

വിളിച്ചറിയിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വിവിധങ്ങളായ ഭയാശങ്കകളോടും ശുഭകരമായ പല സ്വപ്നങ്ങളോടും കൂടിയാണു മനുഷ്യരാശി 2017 എന്ന പുതുവർഷപ്പുലരിയിലേക്കു കാലെടുത്തുവയ്ക്കുന്നത്.

പലവിധമായ കഠിനരോഗങ്ങളോടും ദുസ്സഹദുഃഖങ്ങളോടും നിരാശയോടും നിരവധി പ്രശ്നങ്ങളോടും ഉൽക്കണ്ഠാകുലതകളോടും കൂടി ഈ നവവത്സരത്തിലേക്കു പ്രവേശിച്ചിട്ടുള്ള എല്ലാ സഹോദരീസഹോദരന്മാർക്കും കുഞ്ഞുങ്ങൾക്കും മാതാപിതാക്കൾക്കും സന്തുഷ്ടനിർഭരവും സമാധാനപൂർണവും നന്മനിറഞ്ഞതുമായൊരു പുതുവർഷത്തെ ഞാൻ ആശംസിക്കുകയും ചെയ്തുകൊള്ളുന്നു. സർവശക്തന്റെ കൃപ സകലജാതിമതസ്ഥരായ നിങ്ങളെല്ലാവരുടേയും കൂടെ എല്ലാ നാളുകളിലും ഉണ്ടായിരിക്കുമാറാകട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്തെല്ലാം പ്രശ്നങ്ങളുടേയും പ്രതിസന്ധികളുടേയും രോഗദുഃഖങ്ങളുടേയും നിരാശയുടേയും കൊടുങ്കാറ്റ് ആഞ്ഞടിച്ചാലും സർവേശ്വരൻ നമ്മുടെ ജീവിതവഴികളിൽ കൂടെയുണ്ടെങ്കിൽ ഭയപ്പെടേണ്ട, നാം പിഴുതെറിയപ്പെട്ടു പോകയില്ല, നിശ്ചയം. 'ഒരു ദോഷവും തട്ടാതവണ്ണം എന്നേയും നിങ്ങളേയും ദൈവം പരിപാലിക്കും. അവൻ നിന്റെ പ്രാണനെ പരിപാലിക്കും. ദൈവം നിന്റെ ഗമനത്തേയും ആഗമനത്തേയും ഇന്നു മുതൽ എന്നേക്കും പരിപാലിക്കും.' ഇതാണ് ഒരു വിശ്വാസിയുടെ അചഞ്ചലമായ ബലം. ഇതാണു നമ്മുടെ സുരക്ഷിതത്വം. ഇതിനേക്കാൾ വലിയൊരു സുരക്ഷിതത്വവും ഭൂമിയിലില്ല. ഇതാണു നമ്മുടെ അക്ഷയമായ ശാന്തിയും സമാധാനവും. ഇതാണ് ഒരു ക്രിസ്തീയവിശ്വാസിയുടെ ഏറ്റവും വലിയ ജീവിതപ്രത്യാശയും. മറ്റൊരു വാചകത്തിൽ പറഞ്ഞാൽ, ക്രിസ്തുവിൽ വിശ്വസിച്ച്, അവന്റെ ആത്മാവിൽ ജീവിക്കുന്ന മനുഷ്യൻ ഒരിക്കലും നശിച്ചുപോകയില്ല. ഇതു തന്നെയാണു ശ്രീ ജോർജ് തുമ്പയിൽ ഡിസംബർ 22, 2016ൽ 'ഈമലയാളി'യിലൂടെ നൽകിയ 'പ്രത്യാശയാണു ജീവിതം' എന്ന മനോഹരമായ ക്രിസ്തുമസ്സ് സന്ദേശത്തിന്റെ അന്തസ്സത്തയും. സകലത്തേയും ജീവിപ്പിക്കുന്ന, അതിജീവിക്കുന്ന ദൈവകൃപ തന്നെ മനുഷ്യജീവിതത്തിന്റെ ആധാരം. ഭൂമിയിൽ ധന്യമായ ജീവിതവും ഇതു തന്നെ. Happy New Year. God Bless You.